# ഒരു വത്സല ശിഷ്യന്റെ പതനം

**ഷാജി സുകുമാർ**
(മെക്കാനിക്കൽ)

*എല്ലാവരും സ്നേഹിക്കുന്ന ഒരു അദ്ധ്യാപകനാവുക എന്നതിനേക്കാൾ എത്രയോ അനായാസമാണ്, റാങ്ക് വാങ്ങി പാസാവുന്ന വിദ്യാർത്ഥിയാവുക. ഒരിയ്ക്കലിടപ്പെട്ടാൽ പിന്നീടെന്നും ഓർമ്മിച്ചു പോവുന്ന ഒരു വ്യക്തിത്വമായിരുന്നു ശ്രീ. റസ്‌വി സാറിന്റേത്. മുഴുവൻ പേര് S.A.H റസ്‌വി. ഹൈദരാബാദിന്റെ പുത്രൻ; കൊല്ലത്തിന്റെ ദത്തുപുത്രൻ.*

*ടെന്നീസ് അദ്ദേഹത്തിന്റെ ഒരു ദൗർബല്യമായിരുന്നു; ശക്തിയും. സ്വതവേ ഒരു കാലിനുണ്ടായിരുന്ന അസ്വാധീനം പിൽകാലത്ത് പരസഹായം കൂടാതെ നടക്കാൻ വയ്യാത്ത അവസ്ഥയിലെത്തി നിൽക്കുമ്പോഴാണ്-*

1981- റസ്‌വി സാറാണ് മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം മേധാവി. തന്റെ വിദ്യാർത്ഥികളോടെല്ലാം പുത്ര തുല്യമായ വാത്സല്യം റസ്‌വി സാറിന്റെ പ്രത്യേകതയായിരുന്നു. അതുകൊണ്ടു തന്നെ റസ്‌വി സാറിനോടുള്ള ഞങ്ങളുടെയൊക്കെ ബഹുമാനം സ്നേഹത്തിൽ ചാലിച്ചു ഞങ്ങൾ മടക്കിക്കൊടുത്തു.

ഞങ്ങളുടെ ആറാം സെമെസ്റ്ററിൽ സ്റ്റീം എഞ്ചിനീയറിംഗ് പഠിപ്പിച്ചിരുന്നത് റസ്‌വി സാറായിരുന്നു. ക്ലാസ്സ് തുടങ്ങാനുള്ള മണി മുഴങ്ങിക്കഴിഞ്ഞാൽ സാറിന്റെ വടിയൊച്ച അദ്ദേഹത്തിന്റെ മുറിയുടെ ഭാഗത്തു നിന്നും കേട്ടു തുടങ്ങും. അതോടെ ക്ലാസ്സ് നിശബ്ദമാകുന്നു. ഈ വടിയൊച്ച യും ഒപ്പം സാറും സാവധാനം ക്ലാസ്സിലെത്തുന്നു. എന്നിട്ട് ക്ലാസ്സിനെയാകെ ഒരു വീക്ഷണം നടത്തിക്കൊണ്ട് ഹാജർ പരിശോധിക്കുകയും അതിനുശേഷം ക്ലാസ്സ് ആരംഭിക്കുകയും ചെയ്യും. ഇതൊക്കെ ഒരിയ്ക്കലും തെറ്റാത്ത ചിട്ടികൾ.

ഓഫീസ് മുറിയിൽ നിന്നും ക്ലാസ്സുവരെ സാറിനെ സഹായിയായി അനുഗമിച്ചിരുന്നത് അബ്ദീൻ എന്ന ശിപായിയായിരുന്നു. അബ്ദീന്റെ സ്ഥാനം തട്ടിയെടുക്കാനായി ക്ലാസ്സിലെ ഒരു വിരുതൻ വില്ലനായി രംഗപ്രവേശം ചെയ്യുന്നതോടെയാണ് കഥയുടെ വിത്തു മുളയ്ക്കുന്നത്.

ഏബ്രഹാം എന്ന ഔദ്യോഗിക നാമമുള്ള അവറാൻ അബ്ദീന്റെ സ്ഥാനം മെല്ലെ കൈക്കലാക്കുന്നു. മണിയടി എന്ന അൽപം ദുരുദ്ദേശം ഉണ്ടെന്ന് കൂട്ടിക്കോളൂ. വലിയ കാലതാമസം കൂടാതെ അവറാൻ റസ്‌വി സാറിന്റെ സഹായിയായി മാറി.

ബെല്ലടിക്കുന്നതിനു മുൻപു തന്നെ ഇഷ്ടൻ സാറിന്റെ മുറിക്ക് മുൻപിൽ ഹാജർ. സാർ ക്ലാസ്സിലേക്ക് കൊണ്ടുവരുന്ന പുസ്തകം, ചാർട്ടുകൾ തുടങ്ങിയ സാമഗ്രികൾ ഏറ്റുവാങ്ങി സാറിനെ ക്ലാസ്സിലേക്ക് അനുഗമിക്കുക, ബോർഡ് വൃത്തിയാക്കുക തുടങ്ങിയ എല്ലാ സേവന മേഖലകളും അവറാന്റെ കുത്തകയായി. ഇത്തരം ലഘുകലാപരിപാടികളിലൂടെ റസ്‌വി സാറിന്റെ വത്സലശിഷ്യനായി മാറാൻ അവറാനു ചുരുങ്ങിയ സമയത്തിനുള്ളിൽ കഴിയുകയും ചെയ്തു.

സ്വാഭാവികമായി ഞങ്ങളിൽ പലരിലും അവറാനു നേരെ അസൂയയുടെ വിത്തുമുളയ്ക്കുവാൻ ഈ പ്രകടനം കാരണമായി. ഇത്തരം മണിയടികളിൽ ഡോക്ടറേറ്റെടുത്ത സാക്ഷാൽ ദൈവം മത്തായിക്കു പോലും (ദൈവം മത്തായിയുടെ സ്വന്തം പേര് അദ്ദേഹം തന്നെ മറന്ന നിലയ്ക്ക്, ലേഖകൻ ഓർമ്മ വെയ്ക്കണമെന്ന് നിർബ്ബന്ധിക്കാനാവില്ലല്ലോ) ഇക്കാര്യത്തിൽ അവറാനോട് തോൽവി സമ്മതിക്കേണ്ടി വന്നു.

കാര്യങ്ങളിങ്ങനെ ഭംഗിയായി നടന്നു വരവേ ഒരു ദിവസം ഹോസ്റ്റലിൽ വെച്ച് അവറാനും സൈമണുമായി (കുഞ്ഞെന്ന ഓമനപ്പേരിന് വളരെ കണിശമായി ഒത്തുപ്പോകുന്ന ചെറിയ, ബലിഷ്ഠമായ ആകാരം. ഞങ്ങളദ്ദേഹത്തെ വാൽസല്യപൂർവ്വം സൈമങ്കുഞ്ഞെന്നു വിളിച്ചു പോന്നു.) ഒന്നു കോർത്തു. അവറാന്റെ മിസ്റ്റർ ക്ലീൻ ചമയലിൽ അമർഷം പൂണ്ട ചില കുബുദ്ധികൾ ഈ സന്ദർഭം മുതലെടുത്ത് സൈമകുഞ്ഞി ന്റെ ക്രൗര്യം വർദ്ധിപ്പിക്കാൻ ശരിക്കും ഉത്സാഹിക്കാതിരുന്നില്ല. വേണ്ട എരിവും പുളിയും അവർ രാത്രിക്കുരാത്രി തന്നെ അദ്ദേഹത്തിന്റെ ചെവിയിലെത്തിച്ചു കൊടുക്കുകയും ചെയ്തു. പരിണിതഫലമായി പ്രശ്നം പിറ്റേ ദിവസം ക്ലാസ്സ് മുറിയിൽ വീണ്ടും തുടങ്ങുന്നു. വാഗ്വാദം കയ്യാംകളിയിലെത്തിയ്ക്കാൻ ക്ലാസ്സിലെ മാളോരൊന്നടങ്കമായി രണ്ടു പേരെയും പക്ഷം ചേർന്നു പ്രോത്സാഹിപ്പിച്ചത് വളരെ

സഹായകരമാകുകയും ചെയ്തു. രണ്ടുപേരും ലക്ചർ പ്ലാറ്റ്ഫോമിലേക്ക് പോരുകോഴികളെപ്പോലെ വന്നു കയറി; വടക്കൻ പാട്ടിലെ വീരയോദ്ധാ ക്കളെപ്പോലെ അങ്കം കുറിച്ചു. അൽപം പയറ്റുനടത്തുകയും ചെയ്തു.

പെട്ടെന്നു മണിയൊച്ച മുഴങ്ങി, റസ്‌വി സാറിന്റെ വടിയൊച്ച കേൾക്കുന്നു. മാനസികവും ശാരീരികവുമായ ആഘാതം കാരണം അവറാന്റെ പതിവു പരിപാടി മുടങ്ങി. പരസഹായമില്ലാതെ വടിപിടിച്ച് ക്ലാസ്സിലെത്തിയ റസ്‌വി സാർ പതിവു പോലെ പരിസര വീക്ഷണം നടത്തി.

പെട്ടെന്നദ്ദേഹത്തിന്റെ കണ്ണുകൾ സൈമങ്കുഞ്ഞിൽ തിരികെയെത്തി ഉടക്കി നിന്നു. അദ്ദേഹത്തിന്റെ മുഖത്ത് പെട്ടെന്നൊരാകാംക്ഷയുടെ കരിനിഴൽ പരക്കുന്നത് കാണായി. എല്ലാ കണ്ണുകളും സൈമങ്കുഞ്ഞിലേക്ക്. കുഞ്ഞിന്റെ മൂക്കിൽ നിന്നും രക്തം! What happened to you Simon?റസ്‌വി സാർ അങ്കലാപ്പോടെ ചോദിച്ചു. സൈമൺ മറുപടി പറയും മുൻപ് അസൂയക്കൂട്ടത്തിന്റെ വക കോറസ്സ്.  ഏബ്രഹാം ഇടിച്ചതാ സാാർ  സൈമങ്കുഞ്ഞിനെ അടിയന്തിരമായി ഡോക്ടറുടെ അടുത്തു കൊണ്ടു പോകാൻ സാറിന്റെ നിർദ്ദേശം വന്നു. അവറാനു ക്ലാസ്സിനു പുറത്തു പോകാനുള്ള മാർച്ചിംഗ് ഓർഡേഴ്സും.

ഏബ്രഹാം TKM-ൽ തന്നെ പിൽക്കാലത്തു അദ്ധ്യാപകനായി. അദ്ധ്യാപക ഇന്റർവ്യൂ ബോർഡിൽ റസ്‌വി സാർ ഇല്ലാതിരുന്നതാണ് അവറാന് തുണയായതെന്നുള്ള സഹപാഠികളുടെ അടക്കം പറച്ചിലിൽ കാര്യമായ കഴമ്പൊന്നും കാണേണ്ടതില്ല. സ്നേഹധനനായ ആ ഗുരുനാഥൻ അതിനും എത്രയോ മുൻപു തന്നെ ഓർമ്മകളിലേയ്ക്ക് മടങ്ങിപ്പോയിരുന്നു. അങ്ങകലെ, മേഘപാളികൾക്കൊക്കെ അപ്പുറത്ത് ഗ.ഇ നായർ സാർ, ഡോക്ടർ ജി. രാജഗോപാലൻ സാർ എന്നിവർക്കൊക്കെ ഒപ്പമിരുന്ന് എന്റെ ഈ പഴങ്കഥ കേട്ട് റസ്‌വി സാർ പുഞ്ചിരി പൊഴിക്കുന്നുണ്ടാകുമോ? ആ ചുണ്ടിൻ കോണിൽ വല്ലപ്പോഴും മാത്രം വിരിയാറുണ്ടായിരുന്ന അപൂർവ്വമായ ആ പുഞ്ചിരി........

*********